പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 255 — 18.07.2016 -ൽ മറുപടിക്ക്

## സ്മാർട്ട് വില്ലേജ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, വി.ഡി.സതീശൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കി നടപ്പാക്കിയതെന്ന് വിശദമാക്കാമോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദീകരിക്കാമോ; | (എ) & (ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 'സ്മാർട്ട്' റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) പദ്ധതി നിർവ്വഹണത്തിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഒന്നാംഘട്ടത്തിൽ 1.60 കോടി രൂപ ചെലവിൽ 14 ജില്ലകളിലെ ഓരോ വില്ലേജാഫീസുകളും രണ്ടാം ഘട്ടത്തിൽ 3.29 കോടി രൂപ ചെലവിൽ 8 ജില്ലകളിലായി 11 വില്ലേജാഫീസുകളും മൂന്നാം ഘട്ടത്തിൽ 3.91 കോടി രൂപ ചെലവിൽ 5 ജില്ലകളിലായി 9 വില്ലേജാഫീസുകളും സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് നടപടിയെടുത്തു. ഓരോ ഘട്ടത്തിലുമുള്ള വില്ലേജാഫീസുകളും അവയുടെ നിർമ്മാണ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഒന്നാം ഘട്ടം-നവീകരണം**

| ക്രമ നം. | ജില്ല | വില്ലേജ് ഒന്നാം ഘട്ടം (നവീകരണം) | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | തൈക്കാട് | പൂർത്തീകരിച്ചു |
| 2 | കൊല്ലം | തൃക്കോവിൽവട്ടം | പൂർത്തീകരിച്ചു |
| 3 | പത്തനംതിട്ട | മലയാലപ്പുഴ | പൂർത്തീകരിച്ചു |
| 4 | ആലപ്പുഴ | തിരുവൻവണ്ടൂർ | പൂർത്തീകരിച്ചു |
| 5 | കോട്ടയം | ചങ്ങനാശ്ശേരി | പൂർത്തീകരിച്ചു |
| 6 | ഇടുക്കി | ഇടുക്കി | പൂർത്തീകരിച്ചു |
| 7 | എറണാകുളം | ആലുവ വെസ്റ്റ് | പൂർത്തീകരിച്ചു |
| 8 | തൃശ്ശൂർ | അരണാട്ടുകര | പൂർത്തീകരിച്ചു |
| 9 | പാലക്കാട് | വടകരപ്പതി | പൂർത്തീകരിച്ചു |
| 10 | കോഴിക്കോട് | നഗരം | പൂർത്തീകരിച്ചു |
| 11 | മലപ്പുറം | അമരമ്പലം | പൂർത്തീകരിച്ചു |
| 12 | വയനാട് | നൂൽപ്പുഴ | പൂർത്തീകരിച്ചു |
| 13 | കണ്ണൂർ | കൂത്തുപറമ്പ് | പൂർത്തീകരിച്ചു |
| 14 | കാസറഗോഡ് | കാസറഗോഡ് ഗ്രൂപ്പ് | പൂർത്തീകരിച്ചു |

**രണ്ടാം ഘട്ടം-നിർമ്മാണം**

| ക്രമ നം. | ജില്ല | വില്ലേജ് | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | നാവായിക്കുളം | പൂർത്തീകരിച്ചു |
| 2 | കൊല്ലം | പേരയം | പൂർത്തീകരിച്ചു |
| 3 | കൊല്ലം | പടിഞ്ഞാറേ കല്ലട | പൂർത്തീകരിച്ചു |
| 4 | പത്തനംതിട്ട | പന്തളം | പൂർത്തീകരിച്ചു |
| 5 | ആലപ്പുഴ | അർത്തുങ്കൽ | പൂർത്തീകരിച്ചു |
| 6 | കോട്ടയം | ചെമ്പ് | പൂർത്തീകരിച്ചു |
| 7 | പാലക്കാട് | കരിമ്പുഴ I | പൂർത്തീകരിച്ചു |
| 8 | വയനാട് | ചെറുകാട്ടൂർ | പൂർത്തീകരിച്ചു |
| 9 | കണ്ണൂർ | പെരിങ്ങളം | പൂർത്തീകരിച്ചു |
| 10 | കണ്ണൂർ | ഉദയഗിരി | പൂർത്തീകരിച്ചു |
| 11 | കണ്ണൂർ | തൃപ്പങ്ങോട്ടൂർ (എം.എൽ.എ ഫണ്ട്) | പൊതുമരാമത്ത് വകുപ്പിനാണ് നിർമ്മാണ ചുമതല. നടപടികൾ പുരോഗമിക്കുന്നു. |

**മൂന്നാം ഘട്ടം-നിർമ്മാണം**

| ക്രംമ നം. | ജില്ല | വില്ലേജ് | പുരോഗതി |
|---|---|---|---|
| 1 | തിരുവനന്തപുരം | പള്ളിപ്പുറം | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 2 | തിരുവനന്തപുരം | മാറനല്ലൂർ | |
| 3 | തിരുവനന്തപുരം | കള്ളിക്കാട് | |
| 4 | പത്തനംതിട്ട | വള്ളിക്കോട് | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 5 | പത്തനംതിട്ട | തണ്ണിത്തോട് | എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ് |
| 6 | ആലപ്പുഴ | കൃഷ്ണപുരം | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 7 | ആലപ്പുഴ | കഞ്ഞിക്കുഴി | എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ് |
| 8 | എറണാകുളം | ഐരാപുരം | പണി പൂർത്തീകരിച്ചു |
| 9 | പാലക്കാട് | തെക്കേദേശം | ലിന്റിൽ ഘട്ടം കഴിഞ്ഞ് പണി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ